നിഷ്ക്രിയ വായ്പകൾ

92 [5648] ശ്രീ. സി. പി. മുഹമ്മദ്:
„ ഇ. എം. അഗസ്തി:
„ എ. കെ. മണി:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ നൽകിയ വായ്പകൾ നിഷ്ക്രിയ വായ്പകളായി കണക്കാക്കപ്പെട്ടിട്ടുണ്ട്;

(ബി) ഈ കാലത്ത് ജില്ലാ ബാങ്കുകൾ ഒരു സമയത്ത് ഒരാളിനോ സ്ഥാപനത്തിനോ വായ്പ നൽകിയതും, പത്തുലക്ഷമോ അതിൽ കൂടുതലോ വരുന്നതുമായ എത്ര വായ്പകളാണ് നിഷ്ക്രിയ വായ്പകളായി കണക്കാക്കപ്പെട്ടിട്ടുള്ളത്;

(സി) ഇത്തരം വായ്പകൾ ആർക്കെല്ലാമാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ വായ്പ സംബന്ധിച്ച് എന്തു നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

1998 മാർച്ച് 31-ന് മുമ്പുള്ള കർഷിക വായ്പയുടെ മുതൽ മാത്രം തിരിച്ചടയ്ക്കാൻ നടപടി

93 [5649] ശ്രീ. ടി. പി. എം. സാഹിർ:
„ ഇ. ടി. മുഹമ്മദ് ബഷീർ:
„ സി. മോയിൻകുട്ടി:
„ പി. കെ. കെ. ബാവ:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998 മാർച്ച് 31-ന് മുമ്പായി ബാങ്കുകളിൽനിന്നും കാർഷിക വായ്പ എടുത്തിട്ടുള്ള കർഷകർക്ക്, പലിശയില്ലാതെ മുതൽ മാത്രം തിരിച്ചടച്ചാൽ മതിയെന്നുള്ള ഉത്തരവ് എല്ലാ ബാങ്കുകൾക്കും അയച്ചിട്ടുണ്ട് എന്നും, പ്രസ്തുത ആനുകൂല്യം പ്രാഥമിക സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള സഹകരണ ബാങ്കുകളിൽനിന്നും കാർഷിക വായ്പ എടുത്തിട്ടുള്ള കർഷകർക്കും ലഭിക്കണമെങ്കിൽ സംസ്ഥാന ഗവൺമെന്റ് ഇക്കാര്യം കേന്ദ്ര ഗവൺമെന്റിലേയ്ക്ക് അപേക്ഷിക്കണമെന്നുമുള്ള ബഹു. കേന്ദ്രമന്ത്രിയുടെ പ്രസ്താവന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് പ്രാഥമിക സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്തിട്ടുള്ള കർഷകർക്കും ഈ ആനുകൂല്യം ലഭിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് അപേക്ഷിക്കുമോ;

(സി) എന്നത്തേക്ക് അപേക്ഷിക്കുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly